ച്ചിട്ടുള്ളത്. പ്രൈവറ്റ് പ്രസ്സുകൾക്ക് അച്ചടി ജോലി നൽകുന്നതു സംബന്ധിച്ച നടപടികൾ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വളരെ നേരത്തെ തുടങ്ങിയെങ്കിലും പത്രമാധ്യമത്തിൽ വന്ന ആക്ഷേപത്തെത്തുടർന്ന് അന്തിമഘട്ടത്തിലെത്തിയ പ്രസ്തുത സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് റദ്ദാക്കേണ്ടി വന്നു. ആയതിനാൽ നടപടിക്രമങ്ങൾ വീണ്ടും ആദ്യം മുതൽ തുടങ്ങേണ്ടി വന്നു. ഇതിനിടയിൽ ഇതു സംബന്ധിച്ച പരാതി ഹൈക്കോടതിയുടെ മുമ്പാകെ വരികയും തുടർനടപടികൾ നിർത്തിവയ്ക്കുകയും ചെയ്തു. ഹൈക്കോടതിയുടെ അന്തിമ വിധി വന്നതിനു ശേഷം ആയതിലെ നിർദ്ദേശങ്ങൾക്കനുസൃതമായി കുറഞ്ഞ നിരക്കിൽ ടെൻഡർ നൽകിയവർക്ക് കരാർ ജോലി നൽകി. ഇക്കാരണങ്ങളാൽ കുറച്ച് കാലവിളംബമുണ്ടായിട്ടുണ്ട്. തുടർന്ന് അവർക്ക് അച്ചടി സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിലും കാലതാമസമുണ്ടായിട്ടുണ്ട്. എന്നിരുന്നാലും പാഠപുസ്തകങ്ങളുടെ അച്ചടി ഇപ്പോൾ അന്തിമഘട്ടത്തിലാണ്.

(സി) പുസ്തകങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) 2004 ജൂലൈ ആദ്യവാരത്തിൽ തന്നെ പാഠപുസ്തക വിതരണം പൂർത്തിയാക്കുവാൻ കഴിയുമെന്നു കരുതുന്നു.

(ഇ) ഉണ്ട്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ഫീസ് നിർണ്ണയം

*27 [147] ശ്രീ. വർക്കല കഹാർ:

,, എം. മുരളി:

,, എ. സുജനപാൽ:

,, വി. ഡി. സതീശൻ:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ഫീസ് നിശ്ചയിക്കുന്നതിനുള്ള സമിതി മുമ്പാകെ കോളേജുകൾ അവയുടെ വരവ് ചെലവ് സംബന്ധിച്ച കണക്ക് ഹാജരാക്കുകയുണ്ടായോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്, സ്വാശ്രയ മെഡിക്കൽ കോളേജ്, സ്വാശ്രയ ആയുർവേദ കോളേജ്, സ്വാശ്രയ പാരാ മെഡിക്കൽ കോളേജ് എന്നിവയുടെ ശരാശരി വരവും ചെലവും എത്ര വീതമായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) വരവ് ചെലവ് സംബന്ധിച്ച കണക്ക് സമിതി മുമ്പാകെ ഹാജരാക്കാത്തപക്ഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ഫീസ് നിർണ്ണയിക്കുന്നതിന് കമ്മീഷൻ സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എൻട്രൻസ് പരീക്ഷയിൽ ഉയർന്ന റാങ്ക് ലഭിക്കുന്ന വിദ്യാർത്ഥികളെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള ഫീസ് നിരക്കിൽ പഠിപ്പിക്കാമെന്ന് ഏതെങ്കിലും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഹാജരാക്കുകയുണ്ടായി.

(ബി, സി) ഇതു സംബന്ധിച്ച് ജസ്റ്റീസ് കെ. ടി. തോമസ് കമ്മിറ്റി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) സർക്കാരിനെ അറിയിച്ചിട്ടില്ല.

വിദേശത്ത് ദുരിതമനുഭവിക്കുന്ന മലയാളികളെ നാട്ടിലെത്തിക്കാൻ നോർക്കയുടെ പ്രവർത്തനം

*28 [148] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരിതമനുഭവിക്കുന്ന മലയാളികളെ നാട്ടിലെത്തിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നും ആയതിന് എന്ത് തുക ചെലവായി എന്നും വെളിപ്പെടുത്തുമോ;

(ബി) വിദേശത്ത് മലയാളികളെ കൊണ്ടുപോയി വാഗ്ദാനപ്രകാരമുള്ള തൊഴിലോ ശമ്പളമോ നൽകാതെ ബുദ്ധി മുട്ടിക്കുന്ന ഏജൻസികളുടെ കേരളത്തിലെ ബ്രാഞ്ചുകൾക്കെതിരെയോ അവരുടെ ഏജന്റുമാർക്കെതിരെയോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് ഏജന്റുമാർ വഴി ഇറാക്കിലെത്തിയ മലയാളികളെ നാട്ടിലെത്തിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) വിദേശത്ത് ദുരിതമനുഭവിക്കുന്ന മലയാളികളെ സംബന്ധിച്ച വിവരങ്ങൾ നാട്ടിലെ ബന്ധുക്കൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുമ്പോൾ നോർക്ക വകുപ്പ് അതായത് രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് അവരെ എത്രയും വേഗം നാട്ടിലെത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ആവശ്യത്തിലേക്കായി നോർക്ക വകുപ്പ് തുകകൾ ഒന്നും തന്നെ ചെലവാക്കിയിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly